# ലിറ്റിൽ കൈറ്റ്സ്


## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

ഫെബ്രുവരി 2023

എഡിറ്റർ :ഫാത്തിമ ഫർഹാന ചീഫ് എഡിറ്റർ :സിയ കെ സില്യ ജാസ് മുഹമ്മദ് അസ്ലാദ് മുഹമ്മദ് ആദിൽ അദ്നാൻ വി പി

## ദേശീയ ശാസ്ത്ര ദിനാചരണം 2023



കൊടുവള്ളി : കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ സയൻസ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ദേശീയ ശാസ്ത്ര ദിനാചരണം വളരെ വിപുലമായ രീതിയിൽ കുട്ടികളുടെ പങ്കാളിത്തത്തോടെ നടന്നു. പരിപാടികളുടെ സ്കൂൾതല ഉദ്ഘാടനം ഹെഡ്മാസ്റ്റർ അസീസ് സാർ നിർവഹിച്ചു. ശാസ്ത്രദിന സന്ദേശം അമാനി അമീൻ കുട്ടികൾക്ക് നൽകി. ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി രണ്ടുതരം മത്സരങ്ങൾ നടന്നു, "സി വി രാമനിലൂടെ" സെമിനാർ പ്രസന്റേഷനും "പരീക്ഷണശാലയിലെ കുട്ടിശാസ്ത്രജ്ഞൻ"- പരീക്ഷണ അവതരണവും. സെമിനാർ പ്രസന്റേഷൻ മത്സരത്തിൽ 8 സി ക്ലാസിലെ അമാനി അമീൻ, ഫാത്തിമ റിധ, നമ്രത എന്നീ കുട്ടികൾ 1 2 3 സ്ഥാനങ്ങൾ കരസ്ഥമാക്കി. പരീക്ഷണാ അവതരണം മത്സരത്തിൽ പതിനഞ്ചോളം ടീമുകൾ വൈവിധ്യമാർന്ന പരീക്ഷണങ്ങൾ അവതരിപ്പിച്ചു. എല്ലാ പരീക്ഷണങ്ങളും വളരെ മികച്ചതും കുട്ടികൾ വളരെ നല്ല രീതിയിലുള്ള അവതരണവും കാഴ്ചവച്ചു. 9 C ക്ലാസിലെ അഭിജാത് ഒന്നാം സ്ഥാനവും 8 C ക്ലാസിലെ ഫൈഹ ഫാത്തിമ, അൽഹ നെഹ്റിൻ, അയിഷ ഫിയ എന്നിവർ രണ്ടാം സ്ഥാനവും മുഹമ്മദ് സഹൽ, നവനീത് എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി

## പൂർവാധ്യാപകരുടെ പേരിൽ ഏർപ്പെടുത്തിയ കാഷ് അവാർഡുകൾ വിതരണം ചെയ്തു




കൊടുവള്ളി : കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ പൂർവ്വ അധ്യാപകരായിരുന്ന ജെ ബി ചെറിയാൻ സൂസൻ കുര്യൻ എന്നിവരുടെ സ്മരണാർത്ഥം മകൻ അഡ്വക്കേറ്റ് വിനോദ് സിങ് ചെറിയാൻ സ്കൂളിൽ നടന്ന ചടങ്ങിൽ വിതരണം ചെയ്തു. സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയായിരുന്ന ഡോക്ടർ ഹുസൈൻ മടവൂർ ഉദ്ഘാടനം ചെയ്തു പിടിഎ പ്രസിഡൻറ് ആർ വി റഷീദ് അധ്യക്ഷനായി. സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളായ മുതിർന്ന മാധ്യമപ്രവർത്തകൻ ചെക്കുട്ടി, അമേരിക്കയിൽ ശാസ്ത്രജ്ഞനായ ഡോക്ടർ ബാലൻ ചെ നേര, ഡോക്ടർ ഹുസൈൻ മടവൂർ എന്നിവർ അവാർഡുകൾ വിതരണം ചെയ്തു. പ്രധാനാധ്യാപകൻ ടി അസീസ് ,പി സി വേലായുധൻ ,സൈനബ മുഹമ്മദ് കുണ്ടുങ്ങര, അഡ്വക്കേറ്റ് വിനോദ് സിങ് ചെറിയാൻ , പി രമേശൻ എന്നിവർ സംസാരിച്ചു.




## വെർച്ച്വൽ റിയാലിറ്റി

കൊടുവള്ളി: ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കായി വെർച്ച്വൽ റിയാലിറ്റിയെപ്പറ്റി എക്സ്പേർട്ട് ക്ലാസ് നടത്തി. സ്കൂളിലെ എടിഎൽ ലാബിൽ വച്ച് നടന്ന ക്ലാസ്സിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളോടൊപ്പം എടിഎൽ ടാലൻറ് ക്ലബ് അംഗങ്ങളും പങ്കെടുത്തു. ഡെൽ ടെക്നോളജി ഓഫ് ഇന്ത്യ ലീനിങ് ലിങ്ക് ഫൗണ്ടേഷൻ ട്രെയിനർ അമൽ സാറാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്തത്. കുട്ടികൾക്കും അധ്യാപകർക്കും വെർച്ച്വൽ റിയാലിറ്റി ഒരു വേറിട്ട അനുഭവമായി മാറി. അമൽ സർ പ്ലാനറ്റ് കോഡ് ആക്ടിവിറ്റീസിനെ കുറിച്ചും കുട്ടികൾക്ക് വിശദീകരിച്ചു കൊടുത്തു.

## അറബിക് എക്സ്പോ



കൊടുവള്ളി. കൊടുവള്ളി ഗവർമെന്റ് ഹയർ സെക്കൻഡറി സ്കൂൾ അറബി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അറബിക് എക്സ്പോ 2023 താമരശ്ശേരി വിദ്യാഭ്യാസ ജില്ലാ ഓഫീസർ കെജി മനോഹരൻ ഉദ്ഘാടനം ചെയ്തു. വീഡിയോ സ്വിച്ച് ഓൺ കർമ്മം പിടിഎ പ്രസിഡണ്ട് ആർ വി അബ്ദുറഷീദ് പത്രപ്രദർശനഉദ്ഘാടനം ഹെഡ്മാസ്റ്റർ ടി. അസീസ് എന്നിവർ നിർവ്വഹിച്ചു നാണയങ്ങൾ, കുത്തബ്മിനാർ, താജ്മഹൽ, തുടങ്ങിയ വിവിധ മോഡലുകൾ ചാർട്ടുകൾ തുടങ്ങിയവയുടെ പ്രദർശനം നടന്നു, സമീപത്തെ സ്കൂളിൽ നിന്നടക്കം നൂറിലധികം കുട്ടികൾ സന്ദർശിച്ചു

## കൗമാര ശാക്തീകരണം കരുത്തും കരുതലും



കൊടുവള്ളി.: ഒമ്പതാം ക്ലാസിലെ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും ഉള്ള പിന്തുണ പരിപാടി കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ 6 ഡിവിഷനുകളിലായി ഒമ്പതാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കുള്ള കൗമാര ശാക്തീകരണ പരിപാടിയില് നാലു ബാച്ചുകളായി 218 കുട്ടികൾ പങ്കെടുത്തു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം ഫെബ്രുവരി ഇരുപതാം തീയതി തിങ്കളാഴ്ച സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ബഹുമാനപ്പെട്ട പിടിഎ പ്രസിഡണ്ട് ശ്രീ ആർ വി അബ്ദുൽ റഷീദ് അവർകൾ നിർവഹിച്ചു. ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ ശ്രീ അസീസ് ടി അധ്യക്ഷനായ യോഗത്തിൽ നോഡൽ ടീച്ചർ ആയ ഡോ. ആസിഫ സ്വാഗതവും അധ്യാപകരായ സന്തോഷ് കെ ടി, രമേശൻ, സ്റ്റെല്ലാ മര്യാ തോമസ് എന്നിവർ ആശംസയും സ്റ്റുഡൻറ് കൗൺസിലറായ ദിവ്യ നന്ദിയും അർപ്പിച്ചു. 6 സെഷനുകളിലായി കൗമാര കാലഘട്ടത്തിലെ കുട്ടികളുടെ മാനസികവും ശാരീരികവും പ്രവർത്തനാത്മകവുമായ കാര്യങ്ങൾ വളരെ കൃത്യമായി അവതരിപ്പിച്ചു. സ്റ്റുഡൻറ് കൗൺസിലർ ദിവ്യ, സ്കൂളിലെ അധ്യാപകരായ ഷിജിന, മുഹമ്മദ്, സ്റ്റെല്ല മര്യാ തോമസ്, ആസിഫ, ഫിർദൗസ് ബാനു എന്നിവർ സെഷനുകൾക്ക് നേതൃത്വം നൽകി.രക്ഷിതാക്കൾക്കുള്ള പിന്തുണ പരിപാടിക്ക് സ്റ്റുഡൻറ് കൗൺസിലർ ദിവ്യ നേതൃത്വം നൽകി.

## ആദരം



കൊടുവള്ളി : അമേരിക്കയിലെ പ്രശസ്ത ശാസ്ത്രജ്ഞനും സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീ ബാലൻ ചെനേര സാറിനെ ആദരിച്ചു. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിലാണ് വിദ്യാർത്ഥികൾ അദ്ദേഹത്തെ ആദരിച്ചത്. തുടർന്ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അദ്ദേഹവുമായി ഒരു ഇൻറർവ്യൂ നടത്തി. അദ്ദേഹത്തിൻറെ പഠനകാലത്തെ കുറിച്ചും അമേരിക്കയിലെ പ്രവർത്തനങ്ങളെ കുറിച്ചും അദ്ദേഹം കുട്ടികളുമായി സംവദിച്ചു. ജീവിതത്തിൽ എല്ലാവർക്കും കൃത്യമായ ഒരു ലക്ഷ്യം ഉണ്ടായിരിക്കണമെന്നും ആ ലക്ഷ്യം കൈവരിക്കാൻചിട്ടയായ പരിശ്രമം അത്യാവശ്യമാണെന്നും അദ്ദേഹം കുട്ടികളോട് പറഞ്ഞു. കുട്ടികളുടെ പ്രവർത്തനങ്ങൾ അദ്ദേഹം നിരീക്ഷിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്തു.

## ഫെബ്രുവരി മാസത്തിലൂടെ.......

ഫെബ്രുവരി 1

എസ്. ആർ ജി മീറ്റിംഗ് നടന്നു. യുപി വിദ്യാർത്ഥികൾക്കായി അസംബ്ലി - അസംബ്ലിയിൽ കായിക മേഖലയിൽ മികവ് തെളിയിച്ച കുട്ടികൾക്ക്സമ്മാനവിതരണം നടത്തി.

ഫെബ്രുവരി 2
ലിറ്റിൽ കൈറ്റ് സ്, എടിഎൽവിദ്യാർത്ഥികൾക്കായി ആർട്ടിഫിഷൽ ഇന്റലിജൻസിനെ കുറിച്ച് ഐടി ലാബിൽ വച്ച് ഒരു ക്ലാസ് നടത്തി. . ഡെൽ.ടെക്നോളജി ഓഫ് ഇന്ത്യ ലീനിങ് ലിങ്ക് ഫൗണ്ടേഷന്റെ ട്രെയിനർ ആണ് ക്ലാസ്സ് എടുത്തത്. ലിറ്റിൽ കൈറ്റ്സ് റൂട്ടിൻ ക്ലാസ് നടന്നു.

ഫെബ്രുവരി 4
എട്ടാം ക്ലാസിലെ വിദ്യാർത്ഥികളുടെ ഗൃഹ സന്ദർശനം നടത്തി..
എട്ടാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള റൂട്ടിൻ ഗ്ലാസ് നടന്നു.

ഫെബ്രുവരി 6:
കൊടുവള്ളി സബ്ജില്ലാ ശാസ്ത്രസംഗമം നടന്നു.. എസ്പിസി ക്ലാസ് നടന്നു.
ഫെബ്രുവരി 7
ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കുള്ള ടൂർ ഫെബ്രുവരി 7, 8 തീയതികളിൽ നടന്നു .ലിറ്റിൽ കൈറ്റ്സ് റൂട്ടിൻ ക്ലാസ് നടന്നു.
ഫെബ്രുവരി 8
ജെ ആർ സി വിദ്യാർത്ഥികൾക്കുള്ള ബി ലെവൽ പരീക്ഷ നടന്നു.
എടിഎൽ ക്ലാസും എസ്എസ്എൽസി വിദ്യാർത്ഥികൾക്കുള്ള ക്യാമ്പും നടന്നു.

ഫെബ്രുവരി 10
8 ,9, 10 ക്ലാസുകളിലെ മികച്ച വിദ്യാർത്ഥികൾക്ക് പൂർവ്വ അധ്യാപകരുടെ പേരിൽ ഏർപ്പെടുത്തിയ അവാർഡുകൾ നൽകി. പ്രമുഖരായ വ്യക്തികളുടെ സാന്നിധ്യത്തിൽ ആയിരുന്നു ചടങ്ങ്. പ്രശസ്ത ശാസ്ത്രജ്ഞനായ ബാലൻ ചെനേര സാർ എടിഎൽ ലാബ് സന്ദർശിച്ചു.
ഫെബ്രുവരി 11:സ്റ്റാഫ് ടൂർ നടന്നു.

ഫെബ്രുവരി 12
സ്കൂളിലെ കൊക്കോ ടൂർണ്ണമെൻറ് ഉദ്ഘാടനം പ്രധാനാധ്യാപകൻ അസീസ് സർ ചെയ്തു. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പ്രശസ്ത ശാസ്ത്രജ്ഞനും സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയുമായ ബാലൻ ചെനൈറ സാറിനെ ആദരിച്ചു.
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അദ്ദേഹവുമായി ഒരു ഇൻറർവ്യൂ നടത്തി.

ഫെബ്രുവരി 13
യുപിയിലെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഒരു മോട്ടിവേഷൻ ക്ലാസ് നടത്തി.യുപി ഹൈസ്കൂൾ അധ്യാപകർക്കായി ഒരു മോട്ടിവേഷൻ ക്ലാസ് നടന്നു.
ഫെബ്രുവരി 14
എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഒരു പഠനയാത്ര നടത്തി.

ഫെബ്രുവരി 15
ദേശീയ ഉറുദു ദിനം എസ്പിസി വിദ്യാർത്ഥികൾക്കുള്ള ക്വിസ് നടത്തി.
ഫെബ്രുവരി 16
സംസ്ഥാന യുവജനക്ഷേമ ബോർഡിൻറെ ആഭിമുഖ്യത്തിൽ ശാസ്ത്ര ക്വിസ് നടത്തി. പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കായി ഒരു അസംബ്ലി നടന്നു.

ഫെബ്രുവരി 17
എടിഎൽ ലാബിൽ ക്ലാസ് നടന്നു.
ഫെബ്രുവരി 20: അറബിക് എക്സ്പോ 2023 .അറബിക് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ സ്കൂൾ ഡൈനിങ് ഹാളിൽ വച്ച് ഒരു പ്രദർശനം സംഘടിപ്പിച്ചു.

ഫെബ്രുവരി 20
ക്രിയാത്മക കൗമാരം കരുത്തും കരുതലും കുട്ടികൾക്കുള്ള പിന്തുണ പരിപാടി ഹയർസെക്കൻഡറി ഓഡിറ്റോറിയത്തിൽ വച്ച് അധ്യാപകരും കൗൺസിലറും ഒമ്പതാം ക്ലാസിലെ കുട്ടികൾക്ക് ക്ലാസ് നൽകി.
എസ്എസ്എൽസി വിദ്യാർത്ഥികൾക്കായുള്ള നൈറ്റ് ക്യാമ്പ് ആരംഭിച്ചു.

ഫെബ്രുവരി 21
വൈ ഐ പി ശാസ്ത്ര പഥം പരിപാടിയുടെ ഭാഗമായി ബി ആർ സി തല റെസിഡൻഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്നതിനായി സ്കൂളിൽ നിന്നും 5 ടീമുകൾക്ക് സെലക്ഷൻ ലഭിച്ചു.
യുപിയിലെ 5 ,6 വിദ്യാർത്ഥികൾക്ക് ഒരു ടൂർ പ്രോഗ്രാം നടന്നു. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ള അസംബ്ലി . അസംബ്ലിയിൽ വിവിധ ക്ലബ്ബ് പരിപാടികളുടെ സമ്മാനവിതരണം നടന്നു.

ഫെബ്രുവരി 22:സ്കൂളിലെ ജൈവകൃഷിയുടെ വിളവെടുപ്പ് നടന്നു.
ഫെബ്രുവരി 23
ക്രിയാത്മക കൗമാരം കരുത്തും കരുതലും : ഒമ്പതാം ക്ലാസിലെ രക്ഷിതാക്കൾക്കുള്ള പിന്തുണ പരിപാടി സ്കൂൾ കൗൺസിലർ ദിവ്യ ടീച്ചർ നടത്തി. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കായി ഐ ടി ലാബിൽ വെച്ച് വെർച്ച്വൽ റിയാലിറ്റിയെ കുറിച്ച് ഡൽ ടെക്നോളജി ഓഫ് ഇന്ത്യ ലീനിങ് ലിങ്ക് ഫൗണ്ടേഷൻ ട്രെയിനർ അമൽ സാർ ക്ലാസ് എടുത്തു. എടിഎൽ അംഗങ്ങൾക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും വിർച്വൽ റിയാലിറ്റി വേറിട്ട ഒരു അനുഭവമായി. പ്ലാനറ്റ് കോഡ് ആക്ടിവിറ്റീസിനെകുറിച്ചിദ്യാർത്ഥികളോട് വിശദീകരിച്ചു.

ഫെബ്രുവരി 24
എസ്എസ്എൽസി വിദ്യാർത്ഥികളുടെ സെൻറ് ഓഫ് വിവിധപരിപാടികളോടെ നടന്നു.
ഫെബ്രുവരി 25
ജെ ആർ സി വിദ്യാർത്ഥികൾക്കുള്ള ഏകദിന സെമിനാർ മടവൂർ എ യു പി സ്കൂളിൽ വച്ച് നടന്നു.
ഫെബ്രുവരി 27
യുപി വിഭാഗം ശാസ്ത്ര ക്വിസ് മത്സരം നടന്നു.
എട്ടാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് റൂട്ടീൻ ക്ലാസ് നടന്നു.

ഫെബ്രുവരി 28
ദേശീയ ശാസ്ത്ര ദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സി വി രാമനിലൂടെ ഒരു സെമിനാർഅവതരണം, ഗവേഷണശാലയിലെ കുട്ടി ശാസ്ത്രജ്ഞൻ, സയൻസ് കോർണർ നിർമ്മാണം എന്നീ പരിപാടികൾ കുട്ടികളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

## ഫെബ്രുവരി മാസത്തിൽ സ്കൂളിലെ വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുത്ത് വിജയിച്ച വിദ്യാർത്ഥികൾ



സംസ്ഥാന യുവജനക്ഷേമ ബോർഡിൻറെ ആഭിമുഖ്യത്തിൽ നടത്തിയ ശാസ്ത്ര ക്വിസിൽ വിജയികളായ അമാനി അമീൻ ,അശ്വന്ത് സുനീഷ്, അഭിജാത്



ദേശീയ ശാസ്ത്ര ദിനാചരണം ശാസ്ത്ര പ്രസംഗം വിജയികളായ ആദിത്യ,ഫൈഖ ഫാത്തിമ ,ലെയ ,ലെജു



ദേശീയ ശാസ്ത്ര ദിനാചരണം യുപി വിഭാഗം ശാസ്ത്ര ക്വിസ് വിജയികളായ ലെജു ,ദക്ഷ ,പാർവണ

## യുപി വിഭാഗം സ്പോർട്സ് താരങ്ങൾ



## ഫെബ്രുവരി മാസത്തിലെ സ്കൂളിലെ വിവിധ പ്രവർത്തനങ്ങളിലൂടെ.....



കൊക്കോ ടൂർണ്ണമെൻറ് ഉദ്ഘാടനം



ജൈവകൃഷിയുടെ വിളവെടുപ്പ്



അറബിക് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ നടന്ന അറബിക് എക്സ്പോ 2023



ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രശസ്ത ശാസ്ത്രജ്ഞനായ ബാലൻ ചെനേര സാറിനൊപ്പം



ബാലൻ ചെനേര സർ സ്കൂളിലെ എ ടി എൽ ലാബ് സന്ദർശിച്ചപ്പോൾ



എസ് പി സി ക്വിസ്



ക്രിയാത്മക കൗമാരം കരുത്തും കരുതലും കുട്ടികൾക്കുള്ള പിന്തുണ പരിപാടി




വിർച്വൽ റിയാലിറ്റി



വൈ ഐ പി ശാസ്ത്ര പഥം പരിപാടിയുടെ ഭാഗമായി ബി ആർ സി തല റെസിഡൻഷ്യൽ ക്യാമ്പിൽപങ്കെടുക്കുന്ന തിനായി സ്കൂളിൽ നിന്നും സെലക്ഷൻ ലഭിച്ച കുട്ടികൾ



ജെ ആർ സി വിദ്യാർത്ഥികൾക്കുള്ള ഏകദിന സെമിനാർ



ആർട്ടിഫിഷൽ ഇന്റലിജൻസ് ക്ലാസ്

## ഫോട്ടോ ഗാലറി ജി എച്ച് എസ് എസ് കൊടുവള്ളി ഫെബ്രുവരി 2023



എട്ട്, ഒൻപത് ക്ലാസുകളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള റൂട്ടിൻ ക്ലാസുകൾ



എ ടി എൽ ക്ലാസുകൾ



എസ് പി സി



എസ് എസ് എൽ സി വിദ്യാർഥികൾക്കുള്ള നൈറ്റ് ക്യാമ്പിലൂടെ



സ്കൂൾ അസംബ്ലി



എഴ് എട്ട് ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുള്ള പഠനയാത്രയിൽ നിന്നും